

തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ

തിരുവനന്തപുരം നഗരസ
CORPORATION OF THIRUVANANTHAPUR

എന്റെ നഗരം

എഡിറ്റോറിയൽ

ഈ കൗൺസിൽ നാലാംവർഷം പിന്നിടുകയാണ്. ഒട്ടേറെ വെല്ലുവിളികളാണ് ഈ കാലയളവിൽ നാം നേരിട്ടത്. അപ്രതീക്ഷിതമായ പ്രളയ ദുരിതങ്ങൾ നഗരത്തെ തീരാദുരിതത്തിലാക്കിയ സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. നഗരത്തിലെ ആറുകൾ കരകവിഞ്ഞൊഴുകി വീടുകളിലും കെട്ടിടങ്ങളിലും വെള്ളം നിറഞ്ഞ് നഗരവാസികൾ തീരാദുരിതത്തിലായ സന്ദർഭങ്ങളിൽ ആവുന്നതെന്തും ചെയ്യാൻ നഗരസഭയ്ക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിളപ്പിൽശാല പ്ലാന്റ് പൂട്ടിയത് വലിയ ആഘാതമായിരുന്നു. നഗരത്തിൽ ദൈനംദിനം ഉണ്ടാകുന്ന 400 ടൺ മാലിന്യം സംസ്കരിക്കുന്നതിന് അടിയന്തിരമായി മാർഗം കണ്ടെത്താൻ നാം നിർബന്ധിതമായി തീർന്നു. ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നാം രൂപംനൽകി. എന്റെ നഗരം സുന്ദരനഗരം പദ്ധതിയിലൂടെ മാലിന്യ സംസ്കരണത്തിന് പുതു പന്ഥാവ് തുറക്കുന്നതിനു കഴിഞ്ഞു.

നഗരത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള കെ.എസ്.യു.ഡി.പി പദ്ധതിയുടെ കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ച് നാം ഏറ്റവും പാവപ്പെട്ടവർക്ക് ഗുണം ചെയ്യുന്ന നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ചേരികളിൽ റോഡ്, നടപ്പാത, ഓട, അംഗൻവാടികൾ, പബ്ലിക് ടോയ്ലെറ്റുകൾ, തെരുവു വിളക്കുകൾ, കുളം നവീകരണം തുടങ്ങി നിരവധി പദ്ധതികളാണു നാം നടപ്പാക്കിയിട്ടുള്ളത്. തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതു സംബന്ധിച്ച് വിവിധ രീതിയിലാണ് ജനങ്ങൾ പ്രതികരിക്കുന്നത്. മനുഷ്യജീവൻ സംരക്ഷിക്കുന്നതിനായി എത്രയും വേഗം അവയെ കൊന്നൊടുക്കണമെന്ന വാദഗതിയുള്ളവരുണ്ട്. എന്നാൽ അപകടകാരികളായവയെ മാത്രമേ കൊല്ലാവൂ എന്നു പറയുന്നവരും ഒന്നിനെപ്പോലും കൊല്ലരുതെന്നും വന്ധ്യംകരണത്തിലൂടെ നിയന്ത്രിച്ചാൽ മതിയാകുമെന്നും വാദിക്കുന്നവരുണ്ട്. നഗരസഭ പരമാവധി നായ്ക്കളെ വന്ധീകരിക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്. നഗരസഭയ്ക്ക് നിയമാനുസൃതമായ രീതികളെ പിൻതുടരാനാകൂ.

റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും കുളങ്ങളും തോടുകളും ഓടകളും നിർമ്മിക്കുന്ന പ്രവർത്തനങ്ങളും ആശുപത്രി കെട്ടിടങ്ങളും സ്കൂൾ കെട്ടിടങ്ങളും അംഗൻവാടികളും കമ്മ്യൂണിറ്റി സെന്ററുകളും നിർമ്മിക്കുന്ന പ്രവർത്തനങ്ങളുമെല്ലാം എല്ലാ വാർഡുകളിലും നടക്കുന്നുണ്ട്. സ്കൂളുകളുടെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

വളർന്നുകൊണ്ടിരിക്കുന്ന നഗരത്തിലെ വർധിക്കുന്ന ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിനാണ് ശ്രമിക്കുന്നത്. വികസനാവശ്യങ്ങൾ അനവധിയാണ്. ഓരോന്നും പ്രധാനപ്പെട്ടതുമാണ്. വിഭവശേഷിയ്ക്കനുസൃതമായി മുൻഗണന നൽകി പദ്ധതി നടപ്പാക്കി മുന്നോട്ടു പോകുകയാണ് നഗരസഭ.

നഗരസഭയുടെ പ്രവർത്തനം ഇന്ത്യൻ നഗരങ്ങളിൽ മികച്ചതാണെന്നു വിലയിരുത്തിക്കൊണ്ട് ദേശീയ പുരസ്കാരങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. തികഞ്ഞ ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുന്നതിന് ശക്തി പകരുന്നവയാണ്.

നഗരസഭയുടെ അഭിമാന പദ്ധതികൾ പൂർത്തികരണത്തിലേക്ക്

തിരുവനന്തപുരം നഗരസഭ ഇപ്പോൾ ശ്രദ്ധേയമായ ചില പദ്ധതികളുടെ പൂർത്തീകരണത്തിനായി വലിയ ശ്രദ്ധയോടുകൂടി പ്രവർത്തിക്കുകയാണ്. BSUP പദ്ധതിയുടെ ഭാഗമായി കല്ലടിമുഖത്ത് 318 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മികച്ചനിലവാരം പുലർത്തുന്ന യാചക പുനരധിവാസകേന്ദ്രം, വൃദ്ധസദനം, അംഗൻവാടി എന്നിവയെല്ലാം ചേർന്ന മികച്ച ഒരു സെറ്റിൽമെന്റ് സംവിധാനമാണ് കല്ലടിമുഖത്ത് പൂർത്തീകരിച്ചിരിക്കുന്നത്. ഹാർബർ വാർഡിലെ മതിലുറത്ത് രാജീവ് ആവാസ യോജന പദ്ധതിയിൽ 1039 വീടുകൾ നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടവും പൂർത്തിയായിരിക്കുന്നു. BSUP യുടെ മികച്ച നടത്തിപ്പിന് ദേശീയാംഗീകാരങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്.

എന്റെ നഗരം സുന്ദര നഗരം ജനകീയ ക്യാമ്പയിൻ ശുചിത്വ പ്രഖ്യാപനത്തിന് വർണ്ണാഭമായ തുടക്കം യു എൻ പ്രതിനിധി ഡോ. ക്രിസ് ഗ്രാന്റ് ഉദ്ഘാടനം ചെയ്യുന്നു

നഗരസഭയിലെ നിലവിലെ ഭരണസമിതിയുടെ കാലയളവിൽ നഗരസഭയ്ക്ക് ലഭിച്ച് അംഗീകാരങ്ങൾ

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ ജനറത്തിന്റെ (JNNURM) ഭാഗമായി നടപ്പിലാക്കുന്ന ബേസിക് സർവ്വീസസ് ടു അർബൻ പുവർ പദ്ധതി ഇന്ത്യൻ നഗരങ്ങളിൽ മികച്ച രീതിയിൽ നടപ്പിലാക്കിയതിനാണ് അവാർഡ്. തിരുവനന്തപുരം നഗരസഭ ഈ പദ്ധതി നടത്തിപ്പിൽ വലിയ തോതിൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പരിഗണിച്ച് പദ്ധതി നടപ്പിലാക്കിയതു കൊണ്ടാണ് കമ്മ്യൂണിറ്റി മൊബിലൈസേഷനുള്ള മിനിസ്ട്രി ഓഫ് ഹൗസിംഗ് ആന്റ് അർബൻ പാവർട്ടി അലീവിയേഷൻ, ഗവ. ഓഫ് ഇന്ത്യയുടെ 2011-12 ലെ പുരസ്കാരം ലഭിച്ചത്. ബഹു. പ്രധാനമന്ത്രിയിൽ നിന്നും 13.12.2011 ൽ സ്വീകരിച്ചു.
2. ഗവ. ഓഫ് ഇന്ത്യയുടെ അർബൻ എ 2 ഇ അവാർഡ് ലഭിച്ചത് ഇ-ഗവേണൻസിന്റെ നടത്തിപ്പിലുള്ള നഗരസഭയുടെ മികവിനാണ്. ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി നടപ്പിലാക്കുന്നതിലും തിരുവനന്തപുരം നഗരസഭ ഇന്ത്യൻ നഗരങ്ങളിൽ ഏറ്റവും മികച്ചതായി പരിഗണിക്കപ്പെട്ടു. ഇലക്ട്രോണിക് പേയ്മെന്റ് നടപ്പിലാക്കുന്നതിലും, ജനന-മരണ സർട്ടിഫിക്കറ്റുകൾ ഇലക്ട്രോണിക് ആയി നൽകുന്നതിലും നഗരസഭ വലിയ കാര്യക്ഷമത പ്രകടിപ്പിക്കുന്നു എന്ന് വിലയിരുത്തിക്കൊണ്ടാണ് അവാർഡ്. ന്യൂ ഡൽഹിയിൽ വെച്ച് 2012 ൽ സ്വീകരിച്ചു.
3. ഇന്ത്യൻ നഗരങ്ങളിൽ മികച്ച കമ്മ്യൂണിറ്റി മൊബിലൈസേഷനുള്ള മിനിസ്ട്രി ഓഫ് ഹൗസിംഗ് ആന്റ് അർബൻ പോവർട്ടി അലീവിയേഷൻ, ഗവ. ഓഫ് ഇന്ത്യയുടെ 2012-13 ലെ പുരസ്കാരം - JNNURM (BSUP & IHSDP) ബഹു. പ്രസിഡന്റിൽ നിന്നും 21.01.2014 ൽ സ്വീകരിച്ചു.
4. കരിമഠം കോളനി, കണ്ണമ്മൂല ബണ്ട് കോളനി, കല്ലടിമുഖം പദ്ധതി എന്നീ ഭവന പദ്ധതികളുടെ നടത്തിപ്പിൽ ഏറ്റവും മികച്ചതും ചെലവു കുറഞ്ഞതുമായ സാങ്കേതികവിദ്യ വിനിയോഗിച്ചതിൽ തിരുവനന്തപുരം നഗരസഭ ശ്രദ്ധേയമായ രീതിയിൽ പരിഗണിക്കപ്പെട്ടു. വെസ്റ്റ് സിറ്റി ഫോർ കോസ്റ്റ് ഇഫക്ടീവ് ബിൽഡിംഗ് ടെക്നോളജി (ഇന്ത്യൻ നഗരങ്ങളിലെ മികച്ച പ്രകടനത്തിന്) മിനിസ്ട്രി ഓഫ് ഹൗസിംഗ് ആന്റ് അർബൻ പോവർട്ടി അലീവിയേഷൻ, ഗവ. ഓഫ് ഇന്ത്യയുടെ 2012-13 ലെ പുരസ്കാരം ബഹു. പ്രസിഡന്റിൽ നിന്നും 21.01.2014 ൽ സ്വീകരിച്ചു.
5. ഇന്ത്യൻ നഗരങ്ങളിൽവെച്ച് മെച്ചപ്പെട്ട ജീവിത നിലവാരം ഒരുക്കിയതിനുള്ള (Quality of Life) Voice of India Citizen New Delhi യുടെ 2014 ലെ അവാർഡ്.
6. ഇന്ത്യൻ നഗരങ്ങളിൽ വെച്ച് മെച്ചപ്പെട്ട ജീവിത നിലവാരം ഒരുക്കിയതിനുള്ള അവാർഡ് (Quality of City system) Voice of India Citizen New Delhi യുടെ 2014 ലെ അവാർഡ്.
7. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലുമടക്കം നിരവധി മേഖലകളിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മികവ് പുലർത്തിയതിനാണ് അലിഹസ്സൻ മെമ്മോറിയൽ സാംസ്കാരിക സമിതിയുടെ 2014 ലെ പുരസ്കാരം ലഭിച്ചത്.
8. മാലിന്യ സംസ്കരണത്തിലെ സവിശേഷമായ പ്രവർത്തന പരിപാടികൾ നടത്തിക്കൊണ്ട് അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനും സംസ്ഥാനത്തു തന്നെ ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്ഥാന സർക്കാരിന്റെ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറിയ നഗരസഭയാണ് തിരുവനന്തപുരം. പ്ലാസ്റ്റിക് ശേഖരണത്തിനും സംസ്കരണത്തിനും സ്തുത്യർഹമായ സേവനത്തിനുള്ള സംസ്ഥാന സർക്കാരിന്റെ 2014-15 ലെ പുരസ്കാരം.
9. മാലിന്യ സംസ്കരണത്തിലെ സവിശേഷമായ പ്രവർത്തന പരിപാടികൾ നടത്തിക്കൊണ്ട് അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനും സംസ്ഥാനത്തു തന്നെ ഏറ്റവും കൂടുതൽ ഇ-വേസ്റ്റ് ശേഖരിച്ച് സംസ്ഥാന സർക്കാരിന്റെ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറിയ നഗരസഭയാണ് തിരുവനന്തപുരം. ഇ-വേസ്റ്റ് ശേഖരണത്തിനും സംസ്കരണത്തിനും സ്തുത്യർഹമായ സേവനത്തിനുള്ള സംസ്ഥാന സർക്കാരിന്റെ 2014-15 ലെ പുരസ്കാരം.

മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

2006 ൽ തിരുവനന്തപുരം നഗരസഭ സിറ്റി ഡെവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കുകയും ഇതനുസരിച്ച് നഗരത്തിൽ സമഗ്രമായ സ്വീവറേജ് സംവിധാനം നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. നഗര പ്രദേശത്തെ മൊത്തം 18 സ്വീവറേജ് ബ്ലോക്കുകളായി തിരിക്കുകയും സിവറേജ് സംവിധാനം നിലവിലില്ലാത്ത 13 ബ്ലോക്കുകളിൽ സിവറേജ് സംവിധാനത്തിനും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുൾപ്പെടെ പ്രോഡക്ട് തയ്യാറാക്കി നടപ്പിലാക്കാൻ നഗരസഭയും ഗവൺമെന്റും മുൻഗണന നൽകി തീരുമാനിക്കുകയും ചെയ്തു. കേരള സുസ്ഥിര നഗരവികസന പദ്ധതിയിലും ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിലും ഉൾപ്പെടുത്തി ഇതിനുള്ള സാമ്പത്തിക അംഗീകാരവും ഫണ്ടും ലഭ്യമാക്കി. ഇപ്രകാരം ആറ്റിപ്ര, ഉള്ളൂർ, കടകംപള്ളി, നേമം, പാപ്പനംകോട് തിരുവല്ലം എന്നീ പ്രദേശങ്ങളിലും തീരപ്രദേശ വാർഡുകളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പ്രകാരം നഗരത്തിലെ എല്ലാ പ്രദേശത്തും സ്വീവറേജ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2021 വരെയുള്ള നഗരപ്രദേശത്തെ മൊത്തം ജനസംഖ്യയ്ക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ 107 ദശലക്ഷം ശേഷിയുള്ള പ്ലാന്റാണ് നടപ്പിലാക്കുന്നത്. ആക്ടിവേറ്റഡ് സ്ലഡ്ജ് പ്രോസസ് - എക്സ്റ്റന്റഡ് ഏയറേഷൻ എന്ന നവീന പ്രക്രിയ ഉപയോഗിച്ചാണ് ട്രീറ്റ്മെന്റ് പ്ലാന്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

2008 ഫെബ്രുവരിയിൽ ദേശീ. ടെന്റർ വിളിക്കുകയും രണ്ട് ടെന്റർ ലഭിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച കരാർ തുക 100% ത്തിലും കൂടുതലായതിനാൽ എസ്റ്റിമേറ്റ് പുതുക്കി ആഗോള ടെന്റർ വിളിക്കുന്നതിന് തീരുമാനിച്ചു. 60.47 കോടി രൂപയാണ് പി.ഡബ്ല്യു.ഡി നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തുക അഞ്ച് വർഷത്തെ ഓപ്പറേഷൻ മെയിന്റനൻസ് ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഈ പദ്ധതി ഇവിടെ പൂർത്തിയാകുമ്പോൾ നഗരത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപയോഗപ്രദമായിരിക്കുന്നതും ദ്രവമലിനീകരണം ഒഴിവാക്കപ്പെടുന്നതും പാർവതിപുത്തനാർ മലിനപ്പെടുന്നതിന് അവസാനം ആകുന്നതുമാണ്.

ഇതിൽ കെ.എസ്.യു.ഡി.പി വഴി 43.15 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ബാക്കിയുള്ള തുക ജെ.എൻ.എൻ.യു.ആർ.എം വഴിയും ചെലവാക്കിയിട്ടുണ്ട്.

എന്റെ നഗരം സുന്ദര നഗരം മാലിന്യ സംസ്കരണ ജനകീയ കാംപെയിൻ മാലിന്യ സംസ്കരണത്തിൽ പുതുവഴി തുറന്നിരിക്കുന്നു. ഉറവിടത്തിൽ മാലിന്യ സംസ്കരണത്തിൽ പുതുവഴി തുറന്നിരിക്കുന്നു. ഉറവിടത്തിൽ മാലിന്യ സംസ്കരണത്തിനുള്ള നിരവധി ഉപാധികൾ സ്ഥാപിച്ചുകൊണ്ടും അജൈവ മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് സംസ്കരണത്തിനായി നൽകി കൊണ്ടും വളരെ വേഗം മാലിന്യ സംസ്കരണത്തിനുള്ള ലളിതവും ഫലപ്രദവുമായ സംവിധാനത്തിനു രൂപം നൽകിയിരിക്കുന്നു. ജനങ്ങളുടെയാകെ വലിയ പിൻതുണയാണ് നഗരസഭയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. 12 വാർഡുകൾ ഇപ്പോൾ ശുചിത്വ വാർഡുകളായിരിക്കുന്നു. മാലിന്യ സംസ്കരണത്തിനായി നഗരസഭ ചെയ്ത കാര്യങ്ങൾ താഴെ പറയുന്നു.

1. എഴുപത്തിയെണ്ണായിരം വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിച്ചു.
2. 16 നിർമ്മൽ കിയോസ്ക്കുകൾ സ്ഥാപിച്ചു.
3. 127 തുമ്പൂർമൊഴി എയ്റോബിന്നുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.
4. 30 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ ആരംഭിക്കുകയും 11 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു.
5. 19 ഓർഗാനിക് വേസ്റ്റ് കൺവെർട്ടറുകൾ സ്ഥാപിച്ചു വരുന്നു.
6. 2000 ത്തിലധികം വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു.
7. മാലിന്യം കുന്നുകൂടി കിടന്നിരുന്ന നഗരത്തിലെ ചാലയിലെ എരുമക്കുഴി, പാളയം മാർക്കറ്റ്, ജഗതി മൈതാനം തുടങ്ങിയ നിരവധി സ്ഥലങ്ങൾ വൃത്തിയാക്കി മാലിന്യം വലിച്ചെറിയുന്ന രീതി അവസാനിപ്പിച്ചു.
8. ദിനംപ്രതി 15 ടണ്ണോളം ഇറച്ചി മാലിന്യം നഗരത്തിൽ നിന്ന് നീക്കം ചെയ്ത് മാറ്റുന്നു.
9. പ്ലാസ്റ്റിക് പ്രത്യേകമായി വേർതിരിച്ച് ക്ലീൻ കേരള കമ്പിനി വഴി നഗരത്തിൽ നിന്ന് നീക്കം ചെയ്യുന്നു.
10. ഗ്ലാസ്, പൊട്ടിയകുപ്പികൾ തുടങ്ങിയ മാലിന്യങ്ങൾ തമിഴ്നാട് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് നീക്കം ചെയ്യുന്നു.
11. ഈ വേസ്റ്റ് ശേഖരിച്ച് ക്ലീൻ കേരള കമ്പിനി വഴി നീക്കം ചെയ്യുന്നു.
12. 12 വാർഡുകൾ ശുചിത്വ വാർഡുകളായി പ്രഖ്യാപിച്ചു. നിരവധി വാർഡുകൾ ശുചിത്വ വാർഡുകളായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിർമ്മൽ യൂണിറ്റ് No. : 12
State Bank of India

ഗവ. യു.പി.എസ് കടപ്പനക്കുന്ന്
തിരുവനന്തപുരം നഗരസഭ

നഗരസഭ നിരവധി പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. കല്ലടിമുഖത്ത് 318 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 65 അംഗൻവാടികളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. നിരവധി കുളങ്ങളുടെ നിർമ്മാണവും നവീകരണവും, പാർക്കുകളുടെ നിർമ്മാണവും നവീകരണവും, റോഡുകളുടെ നിർമ്മാണവും നവീകരണവും, സാമൂഹ്യ വികലാംഗർക്കും മറ്റു ദുർബലവിഭാഗങ്ങൾക്കുമുള്ള നിരവധി ആനുകൂല്യ വിതരണം. നിർധനരായ പെൺകുട്ടികളുടെ വിവാഹ നടത്തിപ്പ് തുടങ്ങി പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നഗരസഭ നിർവഹിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി പണം ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്നതിൽ ഒന്നാം സ്ഥാനത്താണ് തിരുവനന്തപുരം നഗരസഭയുടെ സ്ഥാനം. ഇതിന്റെയൊക്കെ പ്രതിഫലനമാണ് നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ള നിരവധി അംഗീകാരങ്ങളും പുരസ്കാരങ്ങളും.

തിരുവനന്തപുരം നഗരസഭ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുക എന്ന ലക്ഷ്യത്തിലേയ്ക്ക്

2015 ജൂൺ വരെ തിരുവനന്തപുരം നഗരസഭ വഴി വിവിധ വിഭാഗങ്ങൾ വഴി
വിധവാ പെൻഷൻ – 21282
വാർദ്ധക്യകാല പെൻഷൻ – 26217
വികലാംഗ പെൻഷൻ – 5838
കർഷക തൊഴിലാളി പെൻഷൻ – 2323
അവിവാഹിത പെൻഷൻ – 1005
ആകെ 56666 പേർക്ക് പെൻഷൻ നൽകുവാൻ നഗരസഭയ്ക്ക് കഴിയുന്നു.
സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അദാലത്തുകൾ നടത്തിക്കൊണ്ട് പരമാവധി ആളുകൾക്ക് നൽകുന്നതിനുള്ള പ്രവർത്തനമാണ് നഗരസഭ നടത്തുന്നത്.

നിങ്ങൾ എന്തു ചെയ്യണം?

റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ലഭിക്കാൻ

താമസിക്കുന്ന വാർഡിന്റെയും കെട്ടിടത്തിന്റെയും നമ്പരുകൾ വ്യക്തമാക്കി കൊണ്ട് ഒരു രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് നഗരസഭയിൽ കെട്ടിട നികുതി അടച്ച രസീത് സഹിതം നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കുക.

കെട്ടിടത്തിനു നമ്പർ ലഭിക്കാൻ

കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ, താമസം തുടങ്ങുകയോ ചെയ്ത് 15 ദിവസത്തിനകം നിശ്ചിത ഫാറത്തിൽ കെട്ടിടത്തിന്റെ അംഗീകൃത പ്ലാനും കംപ്ലീഷൻ സർട്ടിഫിക്കറ്റും സഹിതം അപേക്ഷിക്കുക.

നഗരസഭയിൽ കൂടുതൽ സൗകര്യങ്ങളോടെ സാമൂഹിക സുരക്ഷ ഓഫീസ് കെട്ടിടം പൊതു ജനങ്ങൾക്കായി തുറന്നു.

പാളയം വാർഡ് സമ്പൂർണ ശുചിത്വത്തിലേക്ക്

മേയർ കെ ചന്ദ്രികയുടെ നേതൃത്വത്തിൽ ഇ-വേസ്റ്റ് അടക്കമുള്ള അജൈവ മാലിന്യങ്ങൾ ഗ്രീൻ കേരള ക്യാമ്പയിന് കൈമാറുന്നു

തിരുവനന്തപുരം > എന്റെ നഗരം സുന്ദരനഗരം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭാ പരിധിയിലെ വാർഡുകളെ സമ്പൂർണ ശുചിത്വ വാർഡുകളായി പ്രഖ്യാപിക്കുന്നതിനായി നടക്കുന്ന പ്രവർത്തനങ്ങളിൽ നഗരസഭയിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും സംഘടനകൾ പങ്കാളികളായി. ഞായറാഴ്ച ഒഴിവുദിനമായിട്ടും ജീവനക്കാരെ പ്രതിനിധാനംചെയ്യുന്ന കെഎംസിഎസ്‌യു, കേരള മുനിസിപ്പൽ കോർപറേഷൻ കണ്ടിൻജന്റ് എംപ്ലോയീസ് ഫെഡറേഷൻ (സിഐടിയു) എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ജീവനക്കാർ രാവിലെ എട്ടിന് കോർപറേഷൻ ഓഫീസിലെത്തി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ഗവ. സംസ്കൃത കോളേജ് വിദ്യാർഥികളും പെലിക്കൻ ഫൗണ്ടേഷൻ എന്ന സംഘടനാപ്രവർത്തകരും ഇവർക്കൊപ്പം അണിചേർന്നു. പാളയം വാർഡിനെ 16 കേന്ദ്രങ്ങളായി തിരിച്ച് ജീവനക്കാരെയും തൊഴിലാളികളെയും വിദ്യാർഥികളെയും സന്നദ്ധസംഘടനാപ്രവർത്തകരെയും വിന്യസിച്ചാണ് ശുചീകരണ പ്രവർത്തനം നടത്തിയത്.

പാളയം വാർഡിൽ ഉൾപ്പെടുന്ന കോർപറേഷൻ ഓഫീസ്, യൂണിവേഴ്സിറ്റി ഹോസ്റ്റൽ, പാളയം എസ്എപി ക്യാമ്പ്, റിസർവ് ബാങ്ക്, പബ്ലിക് ഓഫീസ്, ടൂറിസം ഓഫീസ്, മറ്റ് ഓഫീസ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന സർക്കാർ-സ്വകാര്യ സ്ഥാപനങ്ങൾ നഗരസഭാ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ സന്ദർശിക്കുകയും അതത് സ്ഥലത്തെ മാലിന്യം പ്രത്യേകം സൂക്ഷിച്ച് നഗരസഭയ്ക്ക് കൈമാറാനും നിർദേശം നൽകി.

പാളയം വാർഡിൽനിന്ന് ശേഖരിച്ച അജൈവമാലിന്യങ്ങൾ മേയർ ചന്ദ്രികയ്ക്ക് കുടുംബശ്രീ പ്രവർത്തകർ കൈമാറി. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പാളയം രാജൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പെലിക്കൻ ഫൗണ്ടേഷന്റെ പ്രതിനിധികളായ ഡോ. മനോജ്, ദിലീപ് എന്നിവരും പങ്കെടുത്തു. വാർഡിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങൾക്കാകെ യൂണിയൻ ജനറൽ സെക്രട്ടറി എ നുജും, പ്രസിഡന്റ് എ ഉണ്ണി, കണ്ടിൻജന്റ് എംപ്ലോയീസ് ഫെഡറേഷൻ (സിഐടിയു) ജനറൽ സെക്രട്ടറി വി ആർ വിജയകുമാർ, കെഎംസിഎസ്‌യു ജില്ലാ പ്രസിഡന്റ് സുരേഷ്, സെക്രട്ടറി എസ് എസ് മിനു, യൂണിറ്റ് പ്രസിഡന്റ് അനൂപ് റോയി, സെക്രട്ടറി വിനോദ് എന്നിവർ നേതൃത്വം നൽകി.

പാളയം വാർഡ് കൗൺസിലർ പാളയം രാജൻ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, വ്യാപാരിസംഘടനാ പ്രതിനിധികൾ തുടങ്ങിയവർ വാർഡിൽ ഉടനീളമുള്ള ശുചീകരണപ്രവർത്തനങ്ങൾക്ക് സഹായം നൽകി. 250 പേരാണ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്.

സൂര്യവെളിച്ചത്തെ വൈദ്യുതിയാക്കി തിരുവനന്തപുരം നഗരത്തിൽ തന്നെ സോളാർ എനർജി ഉപയോഗിക്കുന്ന ഏറ്റവും വലിയ സൗരോർജ പദ്ധതിയാണു നഗരസഭ നടപ്പാക്കുന്നത്. ഈ പദ്ധതി പാരമ്പേതര ഊർജ സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ മികച്ച മാതൃകയായി മാറും. തിരുവനന്തപുരം നഗരസഭയിലെ മെയിൻ ഓഫീസിലെ കെട്ടിടങ്ങൾക്ക് മുകളിൽ സോളാർ പാനൽ സ്ഥാപിച്ച് അതിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിച്ച് കോർപ്പറേഷനിലെ പവർ ഗ്രിഡിലേക്ക് നേരിട്ട് നൽകുന്നതിന് സാധിക്കും. പ്രതിദിനം 560 യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ ശേഷിയുള്ള പ്ലാന്റാണ് ഇത്. ബാറ്ററി ഇല്ലാത്തതിനാൽ മെയിന്റനൻസ് കോസ്റ്റ് തുലോം തുച്ഛമായിരിക്കും. ഇന്നത്തെ ഊർജ്ജ പ്രതിസന്ധിയും കറന്റ് ചാർജ്ജും പരിഗണിക്കുമ്പോൾ 9 വർഷത്തിനുള്ളിൽ പദ്ധതി ബ്രേക്ക് ഈവനാകും

നിങ്ങൾ എന്തു ചെയ്യണം?

കെട്ടിടം പൊളിച്ചുകളഞ്ഞാൽ

ഉടൻ തന്നെ കുടിശ്ശിക തീർത്ത് റവന്യൂ ഓഫീസറെ വിവരം രേഖാമൂലം അറിയിക്കേണം. ഉടമസ്ഥൻ വിവരം അറിയിക്കുന്ന അർദ്ധ വർഷം വരെ നികുതി നിലനിൽക്കുന്നതാണ്.

കെട്ടിടം ഒഴിഞ്ഞ് കിടന്നാൽ

കെട്ടിടം ഒരു അർദ്ധവർഷം മുഴുവനായും ഒഴിഞ്ഞു കിടന്നാൽ നികുതി ഇളവ് ലഭിക്കുന്നതാണ്. ആ അർദ്ധവർഷം ആരംഭിക്കുന്നതിന് മുമ്പായി തന്നെ അപേക്ഷിക്കേണ്ടതാണ്.